പതിനാലാം കേരളനിയമസഭ

# അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 2359

08/05/2017 -ൽ മറുപടിയ്ക്ക്

## സ്കൂൾ വിദ്യാർത്ഥികൾക്ക് ആധാർ രജിസ്ട്രേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികൾക്ക് ആധാർ രജിസ്ട്രേഷൻ ഉറപ്പുവരുത്തുന്നത് സംബന്ധിച്ച് കേന്ദ്രസർക്കാർ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; | (എ) സംസ്ഥാനത്തെ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ ഗുണഭോക്താക്കളായ കുട്ടികൾക്ക് ആധാർ രജിസ്ട്രേഷൻ നിർബന്ധമാക്കിക്കൊണ്ട് കേന്ദ്രമാനവ വിഭവ ശേഷി മന്ത്രാലയം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതല്ലാതെ സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികൾക്കെല്ലാം ആധാർ രജിസ്ട്രേഷൻ ഉറപ്പുവരുത്തണമെന്നതരത്തിൽ കേന്ദ്ര സർക്കാരിൽ നിന്ന് ഉത്തരവുകളൊന്നും ലഭ്യമാക്കിയിട്ടില്ല. |
| (ബി) സൗജന്യ സ്കൂൾ ഉച്ചഭക്ഷണപദ്ധതി നടത്തിപ്പിന് ആധാർ രജിസ്ട്രേഷൻ നിർബന്ധമാക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം കേന്ദ്ര സർക്കാർ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) ഉണ്ട്. സ്കൂൾ ഉച്ച ഭക്ഷണ പദ്ധതിയുടെ പരിധിയിൽ വരുന്ന 1 മുതൽ 8-ാം ക്ലാസ്സുവരെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും സ്കൂളുകളിൽ ഉച്ചഭക്ഷണം പാചകം ചെയ്യുന്ന പാചക തൊഴിലാളികൾക്കും ആധാർ രജിസ്ട്രേഷൻ നിർബന്ധമാക്കി കൊണ്ട് കേന്ദ്ര മാനവ വിഭവശേഷി വികസന വകുപ്പ് മന്ത്രാലയം യഥാ ക്രമം എസ്.ഒ. 669(ഇ), എസ്. നം. 670(ഇ) എന്നീ നോട്ടിഫിക്കേഷനുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം ആധാർ കാർഡില്ലാത്ത സ്കൂൾ വിദ്യാർത്ഥികളും ഉച്ചഭക്ഷണ പാചക തൊഴിലാളികളും 31.08.2017 നകം ആധാർ എൻറോൾമെന്റിനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. |
| (സി) സംസ്ഥാനത്തെ എല്ലാ സ്കൂൾ വിദ്യാർത്ഥികൾക്കും ആധാർ രജിസ്ട്രേഷൻ ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഈ വിഷയത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ? | (സി) 01.10.2011 ലെ ജി.ഒ(പി) നമ്പർ 199/2011/പൊ.വി.വ (അധ്യാപക പാക്കേജ് ഉത്തരവ്) പ്രകാരമാണ് കേരളത്തിലെ സ്കൂളുകളിൽ കുട്ടികളുടെ UID സ്റ്റെങ്ക്തിനെ അടിസ്ഥാനമാക്കി തസ്തിക നിർണയം നടത്തണമെന്ന് നിർദ്ദേശമുണ്ടായത്. എല്ലാ സ്കൂൾ വിദ്യാർത്ഥികൾക്കും UID നിർബന്ധമാണെന്നും അത്, സ്കൂൾമാനേജ്മെന്റ് സോഫ്റ്റ് വെയറായ 'സമ്പൂർണ്ണ' യിൽ ഉൾപ്പെടുത്തണമെന്നും സംസ്ഥാനത്തെ പ്രഥമാധ്യാപകർക്കെല്ലാം കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതു |

വിദ്യാഭ്യാസ ഡയറക്ടറുടെ നിർദ്ദേശ പ്രകാരം സമ്പൂർണസോഫ്റ്റ് വെയറിൽ കുട്ടികളുടെ ആധാർ നമ്പർ, എൻറോൾമെന്റ് തുടങ്ങിയവ ഉൾപ്പെടുത്താൻ ഐ.ടി@ സ്കൂൾ പ്രോജക്ട് സംവിധാനം ഒരുക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ